**SECOND YEAR HIGHER SECONDARY EXAMINATION**

# മലയാളം

**Maximum:80score**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. (4x2=8)**

**1.**താഴെ പറയുന്നവയിൽ എഴുത്തച്ഛന്റെ കവിതയ്ക്ക് യോജിക്കുന്നവ തെരഞ്ഞെടുക്കുക.

(i)നിത്യജീവിതസാഹചര്യങ്ങളിൽനിന്നും രൂപപ്പെട്ട പദങ്ങളെ അർത്ഥവത്തായി പ്രയോഗിക്കുന്നു.

(ii).കുറിക്കുകൊള്ളുന്ന പരിഹാസത്തിലൂടെ സാമൂഹ്യവിമർശനം.

(iii).മണിപ്രവാളകാവ്യങ്ങളെ അനുകരിച്ച് സംസ്കൃതവൃത്തങ്ങളിൽ എഴുതുന്നു.

(iv).ലോകോക്തികൾ ധാരാളമായി ഉപയോഗിച്ച് ധാർമിക പ്രബോധനം നടത്തുന്നു.

**2.**താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽനിന്ന് നവമാധ്യമങ്ങളുടെ സവിശേഷതയായി ചൂണ്ടിക്കാട്ടാൻ കഴിയുന്ന രണ്ട് പ്രസ്താവനകൾ എഴുതുക.

(i).ഇരുത്തം വന്ന ഭാഷ.

(ii).അറിവുകളും വിവരങ്ങളും തത്സമയം ലഭിക്കുന്നു.

(iii).പല തട്ടിലുള്ള എഡിറ്റിംഗ്.

(iv).സ്വതന്ത്രാവിഷ്കാരം നടത്താൻ കഴിയുന്നു.

**3.**"സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴെല്ലാം ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു." ഈ വാക്കുകളിൽ സൂചിതമാവുന്നത്.

(i).കലാമണ്ഡലം ഹൈദരാലിയ്ക്ക് ബാപ്പയുമായുള്ള ഹൃദയബന്ധം.

(ii).സ്വന്തം കഴിവുകളിലുള്ള ആത്മവിശ്വാസമില്ലായ്മ.

(iii).തിരസ്കാരങ്ങൾ മറക്കാനുള്ള ശ്രമം.

(iv).സംഗീതരംഗത്ത് തന്റെ വളർച്ച കാണാൻ ബാപ്പ ഇല്ലാതായതിന്റെ ദുഃഖം.

**4.**ദിവാകരൻ എത്തിച്ചേർന്ന തെരുവിന്റെ രണ്ട് സവിശേഷതകൾ.

(i).മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്നു.

(ii).രാത്രിയും പകലും ഭേദമില്ലാതെ കടകൾ തുറന്നിരിക്കുന്നു.

(iii).ഛായാപടങ്ങൾക്ക് വ്യത്യസ്തനിറമുള്ള പ്രകാശം നൽകുന്നു.

(iv).ഒരു കടയിലുള്ളത് മറ്റൊരിടത്തും കാണുകയില്ല.

**5.**'ഗൗളിജന്മം'എന്ന കഥയിലെ സന്ദർശകയുടെ സവിശേഷതയായി വരുന്ന രണ്ട് പ്രസ്താവനൾ എടുത്തെഴുതുക.

(i).മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നു.

(ii).മറ്റുള്ളവരുടെ ദുഃഖത്തിൽ സന്തോഷം കണ്ടെത്തുന്നു.

(iii).നിർദ്ദയമായി സംസാരിക്കുന്നു.

(iv).ശുഭാപ്തിവിശ്വാസം പുലർത്തുന്നു.

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.6 മുതൽ 9 വരെയുള്ള ഏതെങ്കിലും 3 എണ്ണത്തിന്.

(3x2=6)

6.”നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമു-

ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നു ഞാനിക്ലേശം?”

ശീലാവതിയുടെ ക്ലേശത്തിനു കാരണമായി കവി ചൂണ്ടിക്കാണിക്കുന്നതെന്ത്?

7.ഇ.സി.ജി സുദർശന് മലയാളം ക്ലാസുകളിൽനിന്ന് ലഭിച്ച അറിവെന്ത്?

8.’വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ’ എന്ന ഫീച്ചറിന് അനുയോജ്യമായ രണ്ട് പ്രസ്താവനകൾ എഴുതുക.

9.നളന്റെ എന്തൊക്കെ സവിശേഷതകളാണ് ബാഹുകന്റെ പ്രവർത്തിയിൽ കേശിനി നിരീക്ഷിക്കുന്നത്?

10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5x4=20)

10.അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിലെ കച്ചവടക്കാരുടെ മനോഭാവത്തെക്കുറിച്ച് കുറിപ്പ് എഴുതുക.

11.”ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസുകളായിരുന്നു.”ഇ.സി.ജി സുദർശന്റെ ഈ അഭിപ്രായത്തെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

12.”മനസ്സ് വേദനിച്ചിരുന്നെങ്കിലും ആരോട് പറയാൻ.” കലാമണ്ഡലം ഹൈദരാലി ഇങ്ങനെ പറയാൻ ഇടയാക്കിയ സന്ദർഭമേത്?

13. കേശിനി വിദഗ്ധയായ തോഴിയാണെന്ന് കരുതാമോ? നിങ്ങളുടെ അഭിപ്രായം ലഘുക്കുറിപ്പായി എഴുതുക.

14.”പൗരാണിക സ്മരണകളുടെ ഒരു പൂങ്കാവനമാണത്”ബദരികാ ഗ്രാമത്തെക്കുറിച്ച് ഇങ്ങനെ പറയാൻ കാരണമെന്ത്?

15.വൈകാരിക സന്ദർഭങ്ങളെ ഹൃദയസ്പർശിയായി ആവിഷ്കരിക്കാൻ 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ’എന്ന ഫീച്ചറിന് കഴിഞ്ഞിട്ടുണ്ടോ? പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ( 6x4=24)

16.’പാരിസ്ഥിതിക അവബോധം വളർത്തുന്ന കവിതയാണ് കിരാതവൃത്തം’ എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

17. രാജസദസ്സിൽവച്ച് പരസ്പരം ശകാരവാക്കുകൾ ചൊരിയുന്ന ദുഷ്യന്തനും ശകുന്തളയും അശരീരി വാക്കുകൾ കേൾക്കുന്നതോടെ ഒരുമിക്കുകയാണല്ലോ.പാഠഭാഗം വിശകലനം ചെയ്ത് സ്വാഭിപ്രായം രൂപീകരിക്കുക.

18.തേങ്ങ,മോഷണം എന്നീ കവിതകൾക്ക് ചില പൊതുസ്വഭാവങ്ങളുണ്ടോ? താരതമ്യം ചെയ്ത്

ലഘു ഉപന്യാസം തയ്യാറാക്കുക.

19. പരമ്പരാഗത മാധ്യമങ്ങളുടെയും നവമാധ്യമങ്ങളുടെയും ശക്തി ദൗർബല്യങ്ങൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

20. പ്രമേയം, ഭാഷ, കാഴ്ചപ്പാട് എന്നിവയിൽ തനി കേരളീയനായിരുന്നു പുലിക്കോട്ടിൽ ഹൈദർ. വിശദമാക്കുക.

താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (3x2=6)

കൈതപ്പൂമണം മോന്തി
മദിക്കും കാറ്റേ ,ചാരു
കൈരവമലരിനെ
നൃത്തമാടിക്കും കാറ്റേ
എതിരേൽക്കുവാൻ,നിന്നെ
സ്സൽക്കരിക്കുവാനെന്റെ
കുടിലിൻ മുറ്റത്തൊരു
തുളസിച്ചെടിമാത്രം
അറ്റത്തുവിരിയുന്ന
പൂക്കളിൽ മാത്രം മണ-
മിറ്റിച്ചു നിൽക്കുന്നതല്ല,
ടി തൊട്ടറ്റത്തോളം,
തണ്ടിലും തളിരിലും
പാഴിലകളിൽപ്പോലും
തൻ കരൾത്താരിൻ ഗന്ധം
തുളുമ്പിത്തുടിക്കുന്നു!
പാവനമീ ഗന്ധത്തിൻ
ഗംഗയിൽ സ്നാനം ചെയ്‌വാൻ
ഈ വഴി ,യിന്നല്ലെങ്കി-
ലൊരുനാൾ വരില്ലേ നീ? (ഒ.എൻ.വി)

(മോന്തുക=കുടിക്കുക,കൈരവമലർ=വെള്ള ആമ്പൽപ്പൂവ്)

21. കാറ്റിനെ കവി എങ്ങനെയൊക്കെ വിശേഷിപ്പിച്ചിരിക്കുന്നു?

22. തുളസിച്ചെടിയുടെ പ്രത്യേകതയായി കവി ചൂണ്ടിക്കാട്ടുന്നത് എന്ത്?

23. തുളസിച്ചെടിയുടെ ഗന്ധം നുകരലിനെ ഗംഗയിൽ സ്നാനം ചെയ്യലായി കവി പറയാൻ കാരണം എന്ത്?

24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2x8=16)

24. പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ കുട്ടികൾ ഭാവനയിലൂടെ വീണ്ടെടുക്കുന്നത് തങ്ങൾക്ക് നഷ്ടമായ ഒരു സംസ്കാരത്തെക്കൂടിയാണോ? കഥാസന്ദർഭങ്ങൾ മുൻനിർത്തി വിശദീകരിക്കുക.

25. അധികാരജീർണത,ഉപജാപകവൃന്ദങ്ങളുടെ മുതലെടുപ്പ്,അരാജകത്വം,പൗരസമൂഹത്തിന്റെ നിസ്സംഗത, ഇവയുടെ പ്രത്യക്ഷോദാഹരണമാണ് 'അഗ്നിവർണന്റെ കാലുകൾ'-വിമർശനാത്മകമായി വിലയിരുത്തി നിരൂപണം തയ്യാറാക്കുക.

26. ”പിറവിലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ-
ക്കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ” (ശീലാവതീചരിതം)

“നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിയ്ക്കും കഴിയും പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്.തന്നെയുമല്ല,പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്” (ഗൗളിജന്മം)

ശീലാവതി,പെൺഗൗളി എന്നീ കഥാപാത്രങ്ങളുടെ പ്രതികരണങ്ങൾ രണ്ടുവിധത്തിലായത് എന്തുകൊണ്ടാവാം? നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.

ചോദ്യപ്പേപ്പർ തയ്യാറാക്കിയവർ

1.മഞ്ജുള.എൻ.കെ

ജി.എച്ച്.എസ്സ്.എസ്സ് മമ്പറം

2.ദീപ ചിറ്റാക്കുൽ

ജി.എച്ച്.എസ്സ്.എസ്സ്.പാല

3.ഷേർളി.പി.എ

സെന്റ് കോർണേലിയൂസ് എച്ച്.എസ്സ്.എസ്സ് കൊളയാട്

4.ടെറി ജോസ്

സെന്റ്.മേരീസ് എച്ച്.എസ്സ്.എസ്സ്. എട്ടൂർ

5.സ്മിത ജോർജ്

സേക്രട്ട് ഹാർട്ട് എച്ച്.എസ്സ്.എസ്സ് അങ്ങാടിക്കടവ്

6.സിസ്റ്റർ.സിൽവിസ്റ്ററിയ

സാന്തോം എച്ച്.എസ്സ്.എസ്സ്. കൊളക്കാട്

7.ജെസി ജോസഫ്

സെന്റ്.മേരീസ് എച്ച്.എസ്സ്.എസ്സ്. എട്ടൂർ

8.ജയദീപ് എസ്

കുഞ്ഞുപറമ്പ് എച്ച്.എസ്സ്.എസ്സ് തൊക്കിലങ്ങാടി

9.വിനീഷ്.കെ.പി

ജി.എച്ച്.എസ്സ്.എസ്സ്.കോട്ടയം മലബാർ.